# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6083 | 07-07-2014-ൽ മറുപടിക്ക്

## എഞ്ചിനീയറിംഗ് വിഭാഗത്തിലെ മിനിസ്റ്റീരിയൽ കേഡർ

**ചോദ്യം** | **ഉത്തരം**

ശ്രീമതി. പി. അയിഷാ പോറ്റി:

**ഡോ. എം.കെ. മുനീർ,**
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി

| ചോദ്യം | ഉത്തരം |
|---|---|
| എ) തദ്ദേശ സ്വയം ഭരണ വകുപ്പിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ മിനിസ്റ്റീരിയൽ വിഭാഗം കേഡർ രൂപീകരിച്ചിട്ടുണ്ടോ; | എ) ഇല്ല. |
| ബി) ഇല്ലെങ്കിൽ ആയതിന് ഉണ്ടാകുന്ന തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; <br> സി) മിനിസ്റ്റീരിയൽ വിഭാഗം കേഡർ രൂപീകരിക്കുന്നതിന് ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ വകുപ്പിൽ ലഭിച്ചതിൽ എത്രയും വേഗം തീർപ്പു കല്പിക്കുമോ; അതിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ബി) സി) സെൻ കമ്മിറ്റി റിപ്പോർട്ടു പ്രകാരം പൊതുമരാമത്ത് ജലസേചനം എന്നീ വകുപ്പുകളിൽ അധികമെന്ന് കണ്ടെത്തിയ യഥാക്രമം 564, 364 എണ്ണവും പ്രവർത്തനം നിർത്തിയ ഗ്രാമവികസന ബോർഡിലെ 8 എണ്ണം മിനിസ്റ്റീരിയൽ തസ്തികകളും ഉൾപ്പെടുത്തി തദ്ദേശ സ്വയം ഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ വിന്യസിക്കുകയുണ്ടായി. എന്നാൽ ജില്ലകളിൽ ഹെഡ് ക്ലാർക്ക്, ക്ലാർക്ക്, ടൈപ്പിസ്റ്റ് എന്നിവരുടെയും ചീഫ് എഞ്ചിനീയർ ഓഫീസ്, സർക്കിൾ ഓഫീസ് എന്നിവിടങ്ങളിൽ സീനിയർ സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവരുടെയും തസ്തികകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും വിന്യസിക്കപ്പെട്ട ഉദ്യോഗസ്ഥരിൽ പലരും വകുപ്പിൽ ജോയിൻ ചെയ്യാത്തതിനാലും മാതൃവകുപ്പിലേക്ക് തിരിച്ചുപോകുന്നതിനായി നിരവധി കേസുകൾ വിവിധ കോടതികളിൽ നിലവിലുള്ളതിനാലും വിന്യാസപ്രകിയ നാളിതുവരെയായി പൂർണതോതിൽ ഫലവത്തായിട്ടില്ല. ഇക്കാരണത്താൽ മിനിസ്റ്റീരിയൽ കേഡർ രൂപീകരണം സംബന്ധിച്ച് ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണെങ്കിലും വിന്യാസപ്രകിയ പൂർണതോതിൽ നടപ്പിലാക്കി സാമ്പത്തിക പ്രതിസന്ധി മാറിയതിനുശേഷം ധനവകുപ്പ് ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് എന്നീ വകുപ്പുകളുമായുള്ള കൂടിയാലോചനയിലൂടെ മാത്രമേ മിനിസ്റ്റീരിയൽ കേഡർ രൂപീകരണം സാധ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ